# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 20 | 2020 |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

*അടുത്ത മകരവിളക്ക് 2021 ജനുവരി 14 ന്*

# ഭക്തർക്ക് എല്ലാ മാസവും ശബരിമല ദർശനം നടത്താം

മണ്ഡല മകരവിളക്ക് മഹോത്സവത്തിന് ശേഷം എല്ലാ മാസവും ഭക്തർക്ക് ശബരിമല ദർശനം നടത്താം. മാസ പൂജകൾക്കായി നടതുറക്കുന്ന തീയതികൾ. കുംഭമാസ പൂജകൾക്കായി ഫെബ്രുവരി 13 മുതൽ 18 വരെയും മീനം മാസ പൂജകൾക്കായി മാർച്ച് 13 മുതൽ 18 വരെയും ഉത്സവത്തിനായി മാർച്ച് 28 മുതൽ ഏപ്രിൽ ഏഴ് വരെയും തുറക്കും. ഇതിൽ കൊടിയേറ്റ് മാർച്ച് 29 നും പൈങ്കുനി ഉത്രവും ആറാട്ടും ഏപ്രിൽ ഏഴിനും ആണ്. തുടർന്ന് മേടവിഷു ഉത്സവത്തിനായി ഏപ്രിൽ 10 മുതൽ 18 വരെ നടതുറക്കും. ഏപ്രിൽ 14 നാണ് മേടവിഷു. ഇടവമാസ പൂജകൾക്കായി മെയ് 14 മുതൽ 19 വരെയും പ്രതിഷ്ഠാ ദിന ചടങ്ങുകൾക്കായി മെയ് 31 മുതൽ ജൂൺ ഒന്ന് വരെയും നടതുറക്കും. മിഥുനമാസ പൂജകൾക്കായി നട തുറക്കുന്നത് ജൂൺ 14 മുതൽ 19 വരെയാണ്. കർക്കിടക മാസ പൂജ ജൂലൈ 15 മുതൽ 20 വരെയും ചിങ്ങമാസ പൂജകൾ ആഗസ്റ്റ് 16 മുതൽ 21 വരെയുമാണ്. ഓണം ആഘോഷം ആഗസ്റ്റ് 29 മുതൽ സെപ്തംബർ രണ്ട് വരെയാണ്. കന്നിമാസ പൂജകൾ സെപ്തംബർ 16 മുതൽ 21 വരെയും തുലാം മാസ പൂജകൾ ഒക്ടോബർ 16 മുതൽ 21 വരെയുമാണ്. ശ്രീചിത്ര ആട്ടതിരുനാൾ ആഘോഷങ്ങൾക്കായി നവംബർ 12, 13 തീയതികളിൽ നടതുറക്കും. തുടർന്ന് മണ്ഡല പൂജാമഹോത്സവം 2020 നവംബർ 15 ആരംഭിച്ച് ഡിസംബർ 26 ന് അവസാനിക്കും. അടുത്ത മകരവിളക്ക് 2021 ജനുവരി 14 നാണ്.

(പി.ആർ. ശബരി-382)

## ഇന്ന്(ജനുവരി 21) ദർശനം പന്തളം രാജപ്രതിനിധിക്ക് മാത്രം

ശബരിമലയിൽ ഇന്ന് (ജനുവരി 21 ) പന്തളം രാജപ്രതിനിധി ഉത്രം നാൾ പ്രദീപ് കുമാർ വർമക്ക് മാത്രമായിരിക്കും ദർശനം. പുലർച്ചെ 3 മണിക്ക് ക്ഷേത്ര ശ്രീകോവിൽ നട തുറക്കും. ജലാഭിഷേകവും പാലഭിഷേകവും ഇളനീർ അഭിഷേകവും നടക്കും. തുടർന്ന് ഗണപതി ഹോമം. അതിനു ശേഷം ശബരിമല അയ്യപ്പ ശ്രീകോവിലിനു മുന്നിൽ നിന്നും തിരുമുറ്റത്തു നിന്നും എല്ലാവരും, പന്തളം രാജപ്രതിനിധിക്ക് ദർശനം നടത്തുന്നതിനു വേണ്ടി ഒഴിഞ്ഞു കൊടുക്കും.രാജപ്രതിനിധി അയ്യപ്പദർശനം പൂർത്തിയാക്കുന്നതോടെ ഹരിവരാസനം പാടി ക്ഷേത്രനട അടയ്ക്കും.
ക്ഷേത്ര നട അടച്ച ശേഷം താക്കോലുമായി ക്ഷേത്ര മേൽശാന്തി പതിനെട്ടാം പടിയുടെ താഴെയെത്തി രാജ പ്രതിനിധിക്ക് താക്കോലും ക്ഷേത്ര നട വരവിന്റെ പണക്കിഴിയും കൈമാറും. അത് ഏറ്റുവാങ്ങിയ ശേഷം രാജപ്രതിനിധി ഒരു പണക്കിഴി അടുത്ത ഒരു വർഷത്തേക്കുള്ള ക്ഷേത്ര ചെലവുകൾക്കായി മേൽശാന്തിക്ക് തിരികെ നൽകും. ഇതോടെ ആചാര പ്രകാരമുള്ള എല്ലാ ചടങ്ങുകളും പൂർത്തിയാകും. പിന്നെ കുംഭമാസ പൂജകൾക്കായി ക്ഷേത്രനട തുറക്കുന്നത് ഫെബ്രുവരി 13ന് വൈകിട്ടായിരിക്കും.

(പി.ആർ. ശബരി-383)

## ശബരിമല വെബ്സൈറ്റുകൾ അയ്യപ്പന്മാർക്ക് തുണയായി

ശബരിമല ദർശനത്തിനെത്തുന്നവർക്കായി തയ്യാറാക്കിയ ഔദ്യോഗിക വെബ്സൈറ്റുകൾ അയ്യപ്പന്മാർക്ക് തുണയായി. www.sabarimala.kerala.gov.in, www.sabarimala.keralapolice.gov.in എന്നിവയാണ് ഔദ്യോഗിക സൈറ്റുകൾ. www.kerala.gov.in വഴിയും കയറാവുന്ന ഒന്നാമത്തെ സൈറ്റിൽ ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമലയുടെ ഐതീഹ്യം, ആചാരങ്ങൾ, പൂജകളുടെ വിവരണം, ദർശനത്തിനുള്ള കലണ്ടർ എന്നിവയ്ക്ക് പുറമെ ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ സന്നിധാനത്തെ മീഡിയാ സെന്ററിൽ നിന്നും പുറത്തിറങ്ങുന്ന മലയാളം, ഇംഗ്ലീഷ് പത്രക്കുറിപ്പുകളും വായിക്കാം.

കെ എസ് ആർ ടി സി റിസർവേഷൻ വിവരങ്ങൾ, വിവിധയിടങ്ങളിൽ നിന്നും പമ്പയിലേക്ക് വരുന്ന ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് നിരക്കുകൾ, പമ്പയിലേക്കുള്ള ദൂരം, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ വിവിധ ഗസ്റ്റ്ഹൗസുകൾ, നിരക്കുകൾ, റൂട്ട്മാപ്പ്, സന്നിധാനം, പമ്പ, ളാഹ എന്നിവടങ്ങളിൽ ലഭിക്കുന്ന ഭക്ഷണ പാനീയനിരക്കുകൾ, ആതുരസേവനം ലഭിക്കുന്ന ആശുപത്രികൾ എന്നിവ ഭക്തർക്ക് മുൻകൂട്ടി അറിയാൻ കഴിയുന്നത് സൗകര്യപ്രദമായി.

സർക്കാർ ഔദ്യോഗിക സൈറ്റ്, കേരള പോലീസ് സൈറ്റ്, ഗുരുവായൂർ ദേവസ്വം, റെയിൽവേ തുടങ്ങിയ 16 വെബ്സൈറ്റുകളിലേക്ക് ലിങ്കും ലഭിക്കും.

കേരളാപോലീസ് തിരക്ക് നിയന്ത്രാണാർഥം തുടങ്ങിയ ബുക്കിങ് സംവിധാനം ഏറെ

പ്പേർക്ക് തുണയായി. പോലീസ് വെബ്സൈറ്റ് വഴി ബുക്കിങ് ചെയ്ത ഭക്തന്മാർക്ക് ദർശനം എളുപ്പമായി. ഇതിനുപുറമെ പാലിക്കേണ്ട നിയമങ്ങൾ, വേർപിരിയുന്നവരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, അറിയിപ്പുകൾ എന്നിവയടങ്ങുന്ന സൈറ്റ് ഇംഗ്ലീഷിന് പുറമെ, മലയാളം, തമിഴ്, കന്നട, തെലുങ്ക് ഭാഷകളിലും വായിക്കാം. നിലയ്ക്കൽ, ചക്കുപാലം, ത്രിവേണി, ഹിൽടോപ്പ് എന്നിവിടങ്ങിൽ പാർക്കിങ് ലഭിക്കുമോ, നിലവിലെ തിരക്കിൽ പമ്പയിൽ നിന്നും കയറുമ്പോൾ എത്രസമയം കൊണ്ട് പതിനെട്ടാം പടിയ്ക്കലെത്താം എന്നീ കാര്യങ്ങൾ അറിയുന്നതിന് പുറമെ പാർക്കിങ്, ക്യൂ വിവരം, കാലാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്നിവ മൊബൈലിൽ ലഭിക്കുവാൻ എസ് എം എസ് ചെയ്യേണ്ട വിധവും സൈറ്റിൽ ലഭിക്കും.

ശബരിമലയ്ക്കായി വെബ്സൈറ്റുകൾ അനവധിയുണ്ടെങ്കിലും ഔദ്യോഗിക വെബ്സൈറ്റുകൾ രണ്ടെണ്ണം മാത്രമാണ് നിലവിൽ.

**(പി.ആർ. ശബരി-384)**

# ഉത്സവവിജയം കൂട്ടായ പ്രവർത്തനത്തിന്റെ നേട്ടം: വി എസ് രാജേന്ദ്രപ്രസാദ്

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവം ദേവസ്വത്തിന്റേയും വിവിധ സർക്കാർ വകുപ്പുകളിലേയും ഏജൻസികളിലേയും ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ, ഭക്തജനങ്ങൾ മുതലായവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ നേട്ടമാണെന്ന് ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ വി എസ് രാജേന്ദ്രപ്രസാദ് പറഞ്ഞു. ഉത്സവത്തിനിടയിൽ ദേവസ്വം ഉദ്യോഗസ്ഥർ ഒറ്റ മനസ്സായാണ് പ്രവർത്തിച്ചത്. അരവണ-അപ്പം മുതലായ നിവേദ്യങ്ങൾ ഭക്തജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് നിർമിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥരും താൽക്കാലിക ജീവനക്കാരും പ്രശംസാർഹമായി പ്രവർത്തിച്ചു. സുരക്ഷാ ക്രമീകരണത്തിലും തിരക്ക് നിയന്ത്രിക്കുന്നതിലും പോലീസ്, ആർ ആർ എഫ്, എൻ ഡി ആർ എഫ് സംയുക്ത സേന വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനമാണ് കാഴ്ചവെച്ചത്. ഭക്തജനങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ ദേവസ്വം മരാമത്ത് വിഭാഗം ജാഗ്രത പുലർത്തി. സന്നിധാനവും പമ്പയും നിലയ്ക്കലുമെല്ലാം പരമാവധി വൃത്തിയായി സൂക്ഷിക്കുന്നതിന് വിശുദ്ധിസേന നിരന്തരമായി പരിശ്രമിച്ചു. വനംവകുപ്പ്, വൈദ്യുതി ബോർഡ്, എക്സൈസ്, ഫയർഫോഴ്സ്, കെ എസ് ആർ ടി സി, മലനീകരണ നിയന്ത്രണ ബോർഡ്, ജല അതോറിറ്റി എന്നിവയിലെ ഉദ്യോഗസ്ഥരും മികച്ച പ്രവർത്തനം കാഴ്ചവച്ചു. അലോപ്പതി-ആയുർവേദം, ഹോമിയോ വകുപ്പ് ഉദ്യോഗസ്ഥർ വിലപ്പെട്ട സേവനമാണ് നടത്തിയത്. അയ്യപ്പസേവാസംഘം, സ്വകാര്യ അന്നദാനശാലകളുടെ നടത്തിപ്പുകാർ എന്നിവയുൾപ്പെടെ ഉത്സവവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാ ശബരീശഭക്തരും അഭിനന്ദനമർഹിക്കുന്നതായി വി എസ് രാജേന്ദ്രപ്രസാദ് പറഞ്ഞു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും ശ്ലാഘനീയമായ സേവനം കാഴ്ചവച്ച എല്ലാവർക്കും ദേവസ്വം ബോർഡിനുവേണ്ടി കൃതജ്ഞത രേഖപ്പെടുത്തുന്നതായി അദ്ദേഹം അറിയിച്ചു.

**(പി.ആർ. ശബരി-385)**

# മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് ശുഭപര്യവസാനം: മേൽശാന്തി

ശബരിമല ക്ഷേത്രത്തിലെ മണ്ഡല-മകരവിളക്ക് മഹോത്സവം വളരെ ഭംഗിയായി സമാപിച്ചതായി ശബരിമല മേൽശാന്തി അരീക്കര സുധീർ നമ്പൂതിരി. എല്ലാ സർക്കാർ വകുപ്പുകളും നന്നായി സഹകരിച്ച് പ്രവർത്തിച്ചു. ശബരിമലയിൽ സർക്കാരിന്റെ പ്ലാസ്റ്റിക് നിർമാർജനവുമായി ഭക്തജനങ്ങൾ പ്രതികരിക്കുന്നുവെന്നത് സ്പഷ്ടമാണ്. ശുചീകരണ പ്രവർത്തനം ഭംഗിയായി നടന്നു.

ഭക്തർ കഴിയുന്നതും വ്രതമെടുത്ത് വേണം ദർശനത്തിനെത്താൻ. കഴിയുന്നത്ര നല്ല സാധനങ്ങൾ ഇരുമുടിക്കെട്ടിൽ കൊണ്ടുവരാൻ ശ്രദ്ധിക്കണം. കാനനക്ഷേത്രമായ ശബരിമലയിലേയ്ക്ക് പ്ലാസ്റ്റിക് സാധനങ്ങൾ കൊണ്ടുവരാതിരിക്കുക. പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് ഇതരസംസ്ഥാനങ്ങളിൽ ആചാരമായിരിക്കാമെങ്കിലും അത് കേരളത്തിലെ ആചാരമല്ല. പമ്പ ഉൾപ്പടെ എല്ല നദികളും മലിനമാകാതെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും അദ്ദേഹം പറഞ്ഞു.

**(പി.ആർ. ശബരി-386)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.